ओ३म्

# ദയാനന്ദ സന്ദേശം



*വെള്ളിനേഴി ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)**

**വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!**

**പുസ്തകം : 1 ലക്കം 5 വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 കാർത്തിക – മാർഗ്ഗശീർഷ 1189 തുലാം – വൃശ്ചികം 2013 നവംബർ**



## മുഖവാണി
## ദീപാവലി
## ഋഷി നിർവ്വാണ ദിനം

പ്രകാശത്തിന്റെ ഉൽസവമായ ദീപാവലി ലോകമെമ്പാടും ഈ മാസത്തിൽ ആഘോഷിക്കുന്നു. ആര്യസമാജത്തേ സംബന്ധിച്ചിടത്തോളം ഇത് ഒരാത്മനിരീക്ഷിണത്തിനുള്ള ദിനം കൂടിയാണ്. ലോകം മുഴുവൻ ദീപങ്ങളുടെ ഉൽസവത്തിലാറാടിയ ഒരു ദീപാവലിദിനത്തിലാണ് 1883 ഒക്ടോബർ 30ന് മഹർഷി ദയാനന്ദസരസ്വതിയുടെ നിർവാണമുണ്ടായത്. മഹർഷി ദയാനന്ദൻ ഉറങ്ങിക്കിടന്ന ഭാരതീയരേ ഉണർത്തി, അവരിൽ അറിവിന്റെ ജ്യോതി പ്രകാശിപ്പിച്ച് അന്ധവിശ്വാസം, നിരീശ്വരവാദം, മൂർത്തിപൂജ തുടങ്ങിയ അനാചാരങ്ങൾക്കെതിരെ സിംഹനാദം മുഴക്കി, വിധവാ വിവാഹം പ്രോൽസാഹിപ്പിച്ചും ശൈശവ വിവാഹം, സതി തുടങ്ങിയവയേ ശക്തിയായി എതിർത്തും ഗുരുകുല പദ്ധതിയിലൂന്നിയവിദ്യാഭ്യാസ പദ്ധതി പൊടിതട്ടിയെടുത്തും വേദങ്ങളിലേക്ക് മടങ്ങാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആയിരത്തോളം വർഷങ്ങളായി ഉറങ്ങികിടന്ന ദേശവാസികളെ ശിവരാത്രി ദിനത്തിൽ യഥാർത്ഥ ശിവനെ കണ്ടെത്താനുള്ള ശപഥത്തിലൂടെ ജാഗരൂകരാക്കി. എന്നാൽ നമ്മുടെ ഈ നാട്ടിൽ ആയിരം വർഷങ്ങൾക്കുശേഷം സ്വതന്ത്ര്യം ലഭിച്ചിട്ടും ഇപ്പോഴും നിദ്രയിലാണ്ടുകിടക്കുന്നവരാണ് അധികവും എന്നത് ദുഃഖകരമാണ്. നാടിന്റെ സംസ്കാരവും പാരമ്പര്യവും സംരക്ഷിക്കേണ്ടതാണ് എന്ന ഭാവം ഇനിയും വേണ്ടത്ര ശക്തിപ്പെട്ടിട്ടില്ലാ എന്നത് ചിന്താജനകമാണ്. 85 ശതമാനത്തോളം വരുന്ന ഹിന്ദുക്കൾ ഇപ്പോഴും ഏറെക്കുറെ ഉറക്കത്തിലാണ്. ഇവരിൽ നല്ലൊരു വിഭാഗം വൈദികധർമ്മത്തേക്കുറിച്ച് അജ്ഞരാണ്. ഈ അജ്ഞതമൂലം മറ്റു സംഘടിത മതങ്ങളുടെ പ്രഭാവത്തിൽ പെട്ട് സ്വധർമ്മം ഉപേക്ഷിക്കുന്നവരും ധാരാളം കാണും. വടക്കുകിഴക്കൻ സംസ്ഥാനങ്ങളും കശ്മീരും ഇതിനുദാഹരണങ്ങളാണ്. കേരളത്തിലും ഈ ഭീഷണി നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. സ്വധർമ്മം ഉപേക്ഷിച്ചവരെ തിരിച്ചു കൊണ്ടുവരാനും അവർക്ക് വേണ്ടുന്ന പ്രോൽസാഹനവും സംരക്ഷണവും നൽകാനുള്ള ഇച്ഛാശക്തിയും കുറവാണിന്ന്. സ്വയം പ്രകാശിച്ച് മറ്റുള്ളവർക്ക് പ്രകാശം നൽകാൻ കഴിവുള്ളവരേയാണിന്ന് നാടിന് വേണ്ടത്. മഹർഷി ദയാനന്ദൻ അത്തരത്തിലൊരു മഹാപുരുഷനായിരുന്നു. കാൽവിലങ്ങുകളാൽ തളക്കപ്പെട്ട ഭാരതത്തിന് അദ്ദേഹം മാർഗ്ഗദർശനം നൽകി. സ്വാമി ദയാനന്ദന്റെ അമരഗ്രന്ഥമായ 'സത്യാർത്ഥ പ്രകാശം നെഞ്ചോട് ചേർത്തു കൊണ്ട്' മുന്നേറിയാൽ മാത്രമേ ഇന്ന് സമാജത്തിൽ കാണുന്ന അഴിമതിക്കും അനാചാരങ്ങൾക്കും വേദവിരുദ്ധ പ്രവണതകൾക്കും പരിഹാരം ലഭിക്കുകയുള്ളു. ആ ദൗത്യം തുടരലാണ് ആര്യസമാജത്തിന്റെ ലക്ഷ്യം. ആര്യസമാജത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി പ്രമുഖ ദേശീയ നേതായിരുന്ന പണ്ഡിറ്റ് മദൻമോഹൻ മാളവ്യ

☞

## വേദാദ്ധ്യയനം



*ഋഷിഃ മധുഛന്ദാഃ, ഇന്ദ്രവായു ദേവതാ ഗായത്രി ഛന്ദഃ*
*ഷഡ്ജ സ്വരഃ*

*കവീ നോ മിത്രാവരുണാ തുവിജാതാ ഉരുക്ഷയാ|*
*ദക്ഷം ദധാതെ അപസമ്||*

*(ഋഗ്വേദം 1.2.9)*

**പദാർത്ഥം:** (തുവിജാതൗ) ഏതെന്നാണോ അനേകകാരണങ്ങളാൽ ഉത്പന്നമായതും വളരെയധികം പ്രസിദ്ധനും (ഉരുക്ഷയാ) ലോകത്തിലെ വളരെയധികം പദാർത്ഥങ്ങളിൽ വസിക്കുന്നവനും (കവി) ദർശനാദി വ്യവഹാരങ്ങളുടെ ഹേതുവും (മിത്രാവരുണാ) പൂർവ്വോക്തമായ മിത്രനും വരുണനും അവർ (നഃ) ഞങ്ങളുടെ (ദക്ഷമ്) ബലത്തേയും (അപസമ്) സുഖദുഃഖയുക്തമായ കർമ്മങ്ങളേയും (ദധാതെ) ധാരണം ചെയ്യുന്നു.

**ഭാവാർത്ഥം:** ബ്രഹ്മാണ്ഡത്തിലുള്ള ബല-കർമ്മങ്ങളുടെ നിമിത്തമായ മിത്രനിൽ നിന്നും വരുണനിൽ നിന്നും പ്രവർത്തനങ്ങളുടേയും വിദ്യകളുടേയും പുഷ്ടിയും ധാരണവും നടക്കുന്നു.

ഒന്നാമത്തെ സൂക്തത്തിൽ അഗ്നി ശബ്ദാർത്ഥത്തേക്കുറിച്ച് പറയുന്നു. അതിനു സഹായകാരിയായ വായു, ഇന്ദ്രൻ, മിത്രൻ, വരുണൻ തുടങ്ങിയവയെ പ്രദിപാദിക്കുന്നതിനാൽ ഒന്നാമത്തെ സൂക്തത്തിന്റെ അർത്ഥത്തോട് ചേർത്തുകൊണ്ട് ഈ രണ്ടാം സൂക്തത്തിന്റെ സാരം കൂടി മനസ്സിലാക്കണം.

ഈ സൂക്തത്തിന്റെ അർത്ഥം സായണാദി ആചാര്യൻമാരും വിൽസൺ തുടങ്ങിയ യൂറോപ്യൻ ദേശവാസികളും തെറ്റായ തരത്തിലാണ് വർണ്ണിച്ചിരിക്കുന്നുത്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ. എം. രാജൻ)*

**മനുർഭവ ജനയാ ദൈവ്യം ജനം** *(ഋഗ്വേദം 10.53.6)*

**മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!**

പറഞ്ഞു. "ആര്യസമാജം നടന്നുകൊണ്ടിരുന്നാൽ ഹിന്ദു സമുദായം നിൽക്കും. ആര്യസമാജം നിന്നാൽ ഹിന്ദു സമാജം ഇരിക്കും. ആര്യസമാജം ഇരുന്നാൽ ഹിന്ദുസമാജം ഉറങ്ങും. ആര്യസമാജം നിദ്രയിലാണ്ടാൽ ഹിന്ദു സമാജം മൃതിയടയും."

മഹർഷി ദയാന്ദൻ പകർന്നു നൽകിയ ദീപശിഖ എല്ലായിടത്തും പ്രകാശം പരത്താൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

പത്രാധിപർ

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# യജ്ഞത്തിന്റെ വൈജ്ഞാനിക വിശ്ലേഷണം

*ഡോ.രാംപ്രകാശ്*



ഹവനത്തിനുപയോഗിക്കുന്ന സാമഗ്രികളൊക്കെ കത്തുമ്പോൾ ചില രാസപ്രവർത്തനങ്ങൾ ഉണ്ടാകുമെന്നു പറഞ്ഞുവല്ലോ. എന്നാൽ നെയ്യും സാമഗ്രിയും മറ്റും കുറഞ്ഞ അളവിലും അൽപ്പാൽപ്പം ഇടവിട്ടും ആഹുതി ചെയ്താൽ മാത്രമെ കൂടുതൽ ഫലപ്രദമാവുകയുള്ളു. കൂടുതൽ സാമഗ്രികൾ വാരിയിട്ടാൽ അഗ്നി കെട്ടുപോവുകയും ഉദ്ദിഷ്ടഫലം കിട്ടാതിരിക്കുകയും ചെയ്യും. വളരെ താമസിച്ചിട്ടാൽ താപം കൊണ്ടുണ്ടാകേണ്ട ഉചിതമായ ലാഭം കിട്ടുകയില്ല. അതുകൊണ്ട് വിധിപൂർവ്വമല്ലാതെ ചെയ്യുന്ന കാര്യങ്ങളൊന്നും യജ്ഞമാവുകയില്ല. ഋഷി ദയാനന്ദൻ പൂനാപ്രഭാഷണത്തിൽ പറഞ്ഞതെത്ര ശരിയാണ്. "ഒരു മന്ന് നെയ്യ് കത്തിച്ചതുകൊണ്ടോ സ്പൂൺ നിറച്ച് നെയ്യ് കോരി ഒഴിച്ചതുകൊണ്ടോ ഒരു വർഷം മുഴുവൻ യജ്ഞം ചെയ്തതുകൊണ്ടോ യജ്ഞമാവുകയില്ല." മഹർഷിയുടെ ഇ വാക്കുകളുടെ ശാസ്ത്രീയ മഹത്വം നിരസിക്കാവുന്നതല്ല.

ഋഷി ദയാനന്ദൻ നെയ്യിന്റെയും സാമഗ്രിയുടെയും സാമാന്യമായ അളവ് പറഞ്ഞിട്ടുണ്ട്. നെയ്യാണെങ്കിൽ കുറഞ്ഞപക്ഷം ആറു 'മാശാ'യും പായസം, ലഡ്ഡു, ഹൽവാ, സാമഗ്രി എന്നിവ ഒരു 'ഛടാങ്കം' ആയിരിക്കണം. ഒരു 'മാശാ'എന്നു പറയുന്നത് എട്ടുകുന്നികുരുവിന്റെ തൂക്കം അഥവാ ഒരു തോലായുടെ പന്ത്രണ്ടിലൊന്നാണ്. അതയാത് ഒരു പ്രാവശ്യം ഒഴിക്കുന്ന നെയ്യിന്റെ അളവ് 48 കുന്നികുരുവിന്റെ അത്രയും തൂക്കമേ ആകാവു. ഒരു 'ഛടാങ്ക്' എന്നു പറയുന്നത് ഒരു 'സേർ'ന്റെ പതിനാറിലൊരംശമാണ്. ഈ അളവ് സാധാരണ യജ്ഞത്തിനാണ് പറഞ്ഞിരിക്കുന്നത്. വലിയ യജ്ഞങ്ങൾക്ക് അതിൽ കൂടുതൽ ആഹുതി കൊടുത്താൽ വളരെ നല്ലത്.

ഓരോ ആഹുതി കൊടുക്കുമ്പോഴും അതിനു നിശ്ചയിച്ചിട്ടുള്ള മന്ത്രവും ചൊല്ലണം. അതുകൊണ്ട് ഹവന സാമഗ്രി അർപ്പിക്കാനുള്ള സുവ്യവസ്ഥിതമായ സമയവും കിട്ടും. കാര്യങ്ങൾ ഭംഗിയാംവണ്ണം നടക്കുകയും ചെയ്യും. മന്ത്രം കൊണ്ട് യജ്ഞത്തിന്റെ ഓരോ ഭാഗത്തേയും (അംശത്തേയും) കുറിച്ചുള്ള ക്രമമായ അറിവുണ്ടാകാൻ തക്കവണ്ണമാണ് അതാത് അംഗങ്ങൾക്കുള്ള മന്ത്രങ്ങളും നിശ്ചയിച്ചിരിക്കുന്നത്. ഇതിനെയാണ് മന്ത്രങ്ങളുടെ വിനിയോഗം എന്നു പറയുന്നത്. അങ്ങനെ യജ്ഞം ഭാരമായി തീരാതെ ഒരു പാവനമായ ധാർമ്മിക കൃത്യമായി മാറുകയാണ് ചെയ്യുക. ഈ ധാർമ്മിക ഭാവന മൂലം യജ്ഞം കാണാനെത്തുന്നവർക്കും വൻ ലാഭമാണുണ്ടാവുക. ഹവനം ചെയ്യുമ്പോഴുണ്ടാകുന്ന സുഗന്ധിത വായു ശ്വസിച്ച് ആരോഗ്യത്തെ കാത്തു സൂക്ഷിക്കാൻ കഴിയും.

**പ്രകാശ സംശ്ലേഷണം**

യജ്ഞത്തിൽ സൂര്യകിരണങ്ങൾക്ക് മഹത്തായ ഒരു പങ്കുണ്ട്. ഋഷി ദയാനന്ദൻ എഴുതിയിരിക്കുന്നത് നോക്കൂ. "സൂര്യോദയത്തിനു ശേഷവും സൂര്യാസ്തമയത്തിനും മുമ്പും അഗ്നിഹോത്രത്തിന്റെ സമയമാണ്." യജ്ഞവേദി തുറസ്സായ സ്ഥലത്തായിരിക്കുന്നത് നല്ലത്. യഥായോഗ്യം സൂര്യപ്രകാശം കിട്ടുന്ന സ്ഥലത്തും ആകാം. അങ്ങനെയുള്ള സ്ഥലത്ത് നിശ്ചിതസമയത്ത് ചെയ്താൽ പ്രകാശമുള്ളതുകൊണ്ട് പല രാസപരിപ്രവർത്തനങ്ങളും ഉണ്ടാകും. ആൽഡിഹൈഡും ആൽക്കഹോളും ഓക്സീകൃതമാകും. ഹൈഡ്രോ കാർബണും ഫിനോളും ധാരാളം ഉണ്ടാകും. അവയുടെ ഓക്സീകരണവും നടക്കും.

സൂര്യപ്രകാശത്തിന്റെ ഏറ്റവും പ്രധാനമായ ജോലി പ്രകാശ സംശ്ലേഷണമാണ്. അത് ചെടികൾക്ക് ക്ലോറോഫിൽ കൊടുക്കുന്നു. ക്ലോറോഫില്ലിന്റെ സഹായം കൊണ്ട് കാർബൺ ഡയോക്സൈഡ് കാർബോഹൈഡ്രേറ്റായി മാറുന്നു. ഇതിനെയാണ് പ്രകാശസംശ്ലേഷണം എന്ന് പറയുന്നത്. ഇതിനുവേണ്ടിയാണ് യജ്ഞശാലയുടെ ചുറ്റും ചെടികളും മരങ്ങളും നട്ടുപിടിപ്പിക്കുന്നത്.

വെയിലുണ്ടെങ്കിൽ മാത്രമെ പ്രകാശസംശ്ലേഷണം നടക്കുകയുള്ളു. രാത്രിയിൽ വായുവിൽ കാർബൺഡയോക്സൈഡിന്റെ അളവ് 12 ശതമാനം കൂടും. 0.6 ശതമാനം കൂടിയാൽ അതുണ്ടെന്നു തന്നെ അറിയുവാൻ കഴിയുകയില്ല. എന്നാൽ അത് 1.5 ശതമാനമയാൽ തലവേദന ഉണ്ടാകും. അവിടെ ഓക്സിജന്റെ അഭാവം ഉള്ളതുകൊണ്ടാണങ്ങനെ സംഭവിക്കുന്നത്. അത് 7.5 ശതമാനമായാൽ വായു വിഷമയമായിതീരും. അതുകൊണ്ട് യജ്ഞം സൂര്യോദയത്തിനുശേഷവും സൂര്യാസ്തമനത്തിനും മുമ്പും ചെയ്യേണ്ടതാണ്.

സൂര്യപ്രകാശം കൊണ്ട് മനുഷ്യശരീരത്തിനും പ്രയോജനമുണ്ട്. ഇതിൽനിന്നു കിട്ടുന്ന വിറ്റാമിൻ D എല്ലുകളെ ബലമുള്ളതാക്കിതീർക്കുന്നു. ഉദയശേഷവും അസ്തമനത്തിനു മുമ്പും ഉള്ള വെയിൽ പ്രത്യേകിച്ച് ഗുണകരമാണ്. അഥർവ്വവേദത്തിലും പറഞ്ഞിട്ടുണ്ട്.

*ഉദ്യന്നാദിത്യ ക്രീമിൻ ഹന്തു*
*നിമ്രോചൻ ഹന്തു രശ്മിഭിഃ*
*യേ അന്തഃ ക്രീമയോ ഗവി |* *(2/32/1)*

☞

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ** *(യജു. 40-2)*
നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!

| | | |
|---|---|---|
| ഉദ്യൻ ആദിത്യ | = | ഉദിച്ചുവരുന്ന സൂര്യൻ |
| ക്രീമിൻ ഹന്തു | = | കൃമികീടങ്ങളെ കൊല്ലട്ടെ |
| നിമ്രോചൻ | = | അസ്തമന സൂര്യൻ |
| രശ്മിഭിഃ ഹന്തു | = | കിരണങ്ങളെകൊണ്ട് കൃമികീടങ്ങളെ കൊല്ലട്ടെ |

യേ ക്രി മയഃ ഗവി അന്തഃ = ആ കൃമികൾ ഭൂമിയിലുള്ളതാണ്.

ഉദയ സൂര്യനും അസ്തമയസൂര്യനും തന്റെ കിരണങ്ങളെ കൊണ്ട് ഭൂമിയിലും ശരീരത്തുമുള്ള രോഗകാരണമായ കീടങ്ങളെ നശിപ്പിക്കട്ടെ എന്നതാണതിനർത്ഥം.

*(അവസാനിച്ചു)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ.എം. രാജൻ*

*പാഠം– 6*

## *ആശ്രമ ധർമ്മം*

***ചോദ്യം:*** 'ബ്രഹ്മചര്യ'ത്തിന്റെ അർത്ഥമെന്താണ് ? എത്ര കാലം വരെയാണ് ബ്രഹ്മചര്യാശ്രമം പാലിക്കേണ്ടത് ?

***ഉത്തരം:*** ഈശ്വരൻ – വേദം എന്നിവയാണ് ബ്രഹ്മത്തിന്റെ അർത്ഥമെന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. 'ചര്യം' എന്നതിന് അറിവ് നേടുക, അറിവിലൂടെ സഞ്ചരിക്കുക. അതിനാൽ ബ്രഹ്മചര്യമെന്നതിനർത്ഥം ഈശ്വരനെ കുറിച്ചും വേദങ്ങളെക്കുറിച്ചും അറിവുണ്ടാക്കുകയും സദാസമയവും ഈശ്വരനെ ഓർത്തുകൊണ്ട് എല്ലാകാര്യങ്ങളും ചെയ്യുക എന്നതാണ്. തന്നെ എല്ലാ പ്രകാരത്തിലും പവിത്രമാക്കി വെക്കുക, എല്ലാ ഇന്ദ്രിയങ്ങളേയും നിയന്ത്രണത്തിൽ കൊണ്ടുവരിക എന്നിവയെല്ലാം ഇതിനത്യാവശ്യമാണ്. ഏറ്റവും കുറഞ്ഞത് 25 വയസ്സുവരെ യുവാക്കളും 16 വയസ്സുവരെ കന്യകമാരും ബ്രഹ്മചര്യാശ്രമം പാലിക്കേണ്ടതാണ്. ഈ പ്രായത്തിനുമുമ്പ് അജ്ഞതാവശമായി പോലും വിവാഹബന്ധങ്ങളിലേർപ്പെടരുത്.

***ചോദ്യം:*** ബ്രഹ്മചാരിയുടെ മുഖ്യധർമ്മമെന്താണ് ?

***ഉത്തരം:*** തന്റെ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ശക്തിയേ വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും തങ്ങളെ എല്ലാ തരത്തിലും പവിത്രരാക്കി നിലനിർത്തലുമാണ് ബ്രഹ്മചാരികളുടെയും ബ്രഹ്മചാരണികളുടെയും പ്രധാന കർത്തവ്യം. ശരീരശുദ്ധിക്കായി ദിവസവും സ്നാനം ചെയ്യുക, വാണിയുടെ പവിത്രതക്കായി സത്യമായതും മധുരമായതും ഹിതകാരിയായതുമായ വാക്കുകൾ പറയുകയും മനസ്സിന്റെ പവിത്രതക്കായി ശുദ്ധവും ഉത്തമവുമായ ഭാവം ഉൾക്കൊള്ളുകയും വേണം. കാലത്ത് ഉണർന്ന് നിത്യകർമ്മങ്ങൾ, വ്യായാമം, സ്നാനം, സന്ധ്യാവന്ദനം, യജ്ഞം എന്നിവ ശ്രദ്ധാപൂർവ്വം ചെയ്യണം. സാത്വിക ഭക്ഷണം മാത്രമേ കഴിക്കാവൂ. മാംസം, മദ്യം, എരിവ്, പുളി, മസാലകൾ, ലഹരിപദാർത്ഥങ്ങൾ എന്നിവ വർജ്ജിക്കണം. ആചാര്യൻമാരുടെയും ഗുരുജനങ്ങളുടെയും ധർമാനുസാരമായ ആജ്ഞകളെ നമ്രതാപൂർവ്വം സ്വീകരിച്ച് വേദ-ശാസ്ത്ര-വിദ്യകൾ സ്വായത്തമാക്കണം. എല്ലാ സ്ത്രീകളേയും അമ്മയേയും സഹോദരിയേയും പോലെ കാണണം. നാടകം, സിനിമ, നഗരത്തിലെ മോശമായ ചുറ്റുപാടുകൾ എന്നിവ ബ്രഹ്മചാരികൾക്ക് അനുയോജ്യമല്ല. ബ്രഹ്മചാരിയുടെ ജീവിതം സാധാരണക്കാരന്റേതുപോലെയും ശീതോഷ്ണങ്ങളെ സഹിക്കാൻ ശക്തിയുള്ള തപസ്വികളുടേതുപോലെയും ആകണം. ഗുരുകുലത്തിൽ വസിക്കുന്ന സമയത്ത് ആചാര്യനെ പിതാവായും വിദ്യയെ മാതാവായും മനസ്സിലാക്കണം. സ്വന്തം മാതാപിതാക്കൾ തുടങ്ങിയവരോടുപോലും അമിതമായ പ്രതിപത്തിയും താത്പര്യവും കൊണ്ടുനടക്കരുത്. കാമ, ക്രോധ, ഭയ, ശോക, ഈർഷ്യ, ആലസ്യം, ദ്വേഷം എന്നീ ദുർഗ്ഗുണങ്ങളെ ത്യജിച്ച് സത്യനിഷ്ഠൻ, ത്യാഗി, തപസ്വി, വിദ്വാൻ, ധർമ്മാത്മാവ്, ഈശ്വരഭക്തൻ, ജിതേന്ദ്രിയൻ എന്നിവരാവാൻ സദാ പ്രയത്നിക്കണം.

***ചോദ്യം:*** ബ്രഹ്മചര്യം കൊണ്ടുള്ള ലാഭമെന്താണ് ?

***ഉത്തരം:*** ബ്രഹ്മചര്യത്താൽ ശരീരം മനസ്സ്, ആത്മാവ് എന്നിവയുടെ ശക്തിവർദ്ധിക്കുന്നതാണ്. ഭീഷ്മപിതാമഹൻ, ശങ്കരാചാര്യർ, സ്വാമി ആനന്ദതീർത്ഥൻ (മാധ്വാചാര്യർ), ഋഷി ദയാനന്ദ സരസ്വതി തുടങ്ങിയ മഹാപുരുഷന്മാരുടെ ജീവിതത്തിൽനിന്നിത് സ്പഷ്ടമാണ്. മരണം വരെ അവർ പൂർണ്ണ ബ്രഹ്മചര്യപാലനം നടത്തി. ബ്രഹ്മചര്യത്താൽ മനുഷ്യർ മരണഭയത്തിനുപരിയായിതീരുന്നു. മരണത്തേപോലും വിജയിക്കുന്നു. വേദങ്ങളിൽ പറയുന്നു.


*ബ്രഹ്മചര്യേണ തപസാ ദേവാ മൃത്യുമുപാഘ്നത ||*

*(അഥർവ്വം 11.5.19)*

ബ്രഹ്മചര്യത്തിന്റെയും തപസ്സിന്റെയും പ്രതാപത്താൽ സത്യനിഷ്ഠനായ വിദ്വാൻ മരണത്തേപ്പോലും വിജയിക്കുന്നുവെന്നർത്ഥം.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*




*അദ്ധ്യായം 3*

## *അസ്യവാമീയ സൂക്തം*

*(ഋഗ്വേദം 1–164)*

### ഈശ്വരൻ

8,9,10– ഇവയെല്ലാറ്റിനേയും പരസ്പരം കൂട്ടിയിണക്കി പ്രവർത്തിപ്പിക്കുന്നവൻ "സൂത്രാത്മാ വായു" എന്നു പ്രശസ്തനായ പരമേശ്വരൻ തന്നെ.

### കാലം

11. കാലം– അനന്തം മാറ്റമില്ലാത്തത്. സർവ്വജഗത്തിലും ഉള്ളത്. ആദിയും അന്തവും ഇല്ലാത്തതാകുന്നു. 720 തത്ത്വങ്ങൾ ഈ ജഗത്തിന്റെ കാരണങ്ങളിലടങ്ങിയിട്ടുണ്ട്. കാലമെന്നുള്ള ഇതിനും കാരണരൂപമായത് പരമാത്മാവ് തന്നെ. ജന്മം എടുക്കാത്തതും നിത്യവുമായ പരമേശ്വരശക്തിയെ മനുഷ്യർ വിദ്യാഭ്യാസം നേടി അറിഞ്ഞു മനസ്സിലാക്കുക.

☞

**മാതാഭൂമിഃ പുത്രോഹം പൃഥിവ്യാഃ ആനോ ഭൂമിർ വർദ്ധയാദ് വർദ്ധമാനാ** *(അഥർവ്വം. 12.1.12.13)*

ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്. ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റെയും ഉൽക്കർഷം

12. ക്ഷണം - മുഹൂർത്തം - രാത്രി - പകൽ - പക്ഷം എന്നുള്ള കാലത്തിന്റെ വിഭാഗങ്ങളെയും അവയുടെ ഉപവിഭാഗങ്ങളെയും അറിയുക. കാലത്തിന്റെ ആദിയും അന്തവുമില്ലാത്ത ഗുണവിശേഷം മനസ്സിലാക്കുക. ലോകത്തിന്റെ സൃഷ്ടി, അതിന്റെ നിലനിൽപ്പ് പ്രളയകാലത്തിൽ ഈ ലോകത്തിൽ ഉണ്ടാകുന്ന നാശം മുതലായ സൂക്ഷ്മതത്ത്വങ്ങളെയും അറിയുക.

13. കാലചക്രത്തിൽ - അതിന്റെ കാരണം - ആകാശം- ദിശ എന്നിവിടങ്ങളിലെല്ലാം പരമാത്മാവ് വ്യാപിച്ചിരിക്കുന്നു. അതുപോലെ തന്നെ കാര്യ - കാരണരൂപമായ ജഗത്തിലും ആ ശക്തി വ്യാപിച്ചിരിക്കുന്നു.

### വീണ്ടും ഈശ്വരൻ

14. മഹത്തായ ആ പരംപൊരുൾ എല്ലാലോകങ്ങൾക്കും ആധാരമാണ്. കാലം എന്ന പേരുള്ളതും ആ മഹാശക്തി തന്നെ. സൂര്യൻ മുതലായ ലോകങ്ങൾ ആ മഹാശക്തി കാരണം പ്രകാശിക്കുന്നു- വർത്തിക്കുന്നു.

15. ജഗത്തിൽ ഉള്ള വസ്തുക്കൾ എല്ലാം പരബ്രഹ്മമായ പരമേശ്വരൻ നിശ്ചയിച്ചിട്ടുള്ളവിധമായി ഉൽപ്പത്തിയാകുന്നു. അദ്ദേഹത്തിന്റെ അനന്തസാമർത്ഥ്യം കാരണം എല്ലാ ലോകങ്ങളും പ്രവർത്തിക്കുന്നു. അദ്ദേഹം സർവ്വവ്യാപിയും ഇഷ്ടം - അനിഷ്ടം ഇല്ലാത്തവനുമാണ്. അദ്ദേഹത്തിന്റെ ആജ്ഞാനുസാരണം കാലം ഋതുക്കളായി മാറി മാറി വന്നു പോകുന്നു. ഈ കാലത്തിൽ ഉൽപ്പത്തിയാകുന്ന എല്ലാ വസ്തുക്കളും അവയവയുടേതായ വ്യത്യസ്ഥ ഗുണങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നു.

### ജ്ഞാനികളായ പുരുഷന്മാർ – സ്ത്രീകൾ

16. ഇത്രയും മഹിമയുള്ള പരമേശ്വരനെ വിദ്വാന്മാർ മാത്രമെ അറിയുന്നുള്ളു. അറിവില്ലാത്തവർ അറിയുകയില്ല. വിദ്വാന്മാരായ പുരുഷന്മാർ പുരുഷന്മാർക്കും സ്ത്രീകൾക്കും സ്ത്രീജനങ്ങളുടെ ഇടയിലും നല്ല വിദ്യകൾ അഭ്യസിപ്പിക്കുക. ഈശ്വരൻ മുതൽ ഭൂമിവരെയുള്ള എല്ലാറ്റിനേയും കുറിച്ചുള്ള ജ്ഞാനം ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളെ അറിയാനുപകരിക്കുന്നു. ഈ അറിവ് വൃദ്ധരുടേയും പിതാവാണ്.

### ഭൂമി

17. ഓം അവഃ പരേണ പര ഏതാ വരേണ പദാ വത്സം ബിഭ്രതി ഗൗരുദസ്ഥാത്।

സാ കദ്രീചി കം സ്വിദർദ്ധം പരാഗാത്ക്വ സ്വിത്സൂതേ നഹി യൂഥേ അന്തഃ।। (1–164–17)

ഭൂമി (മോലോട്ടും താഴോട്ടും) വടക്കു തെക്കുമായും കിഴക്കും പടിഞ്ഞാറുമായും സ്വയം സൂര്യനേ ചുറ്റികൊണ്ടിരിക്കുന്നു. സ്വയംചുറ്റിക്കൊണ്ട് സൂര്യനേയും അതുചുറ്റുന്ന കാര്യം പണ്ഡിതൻമാർക്ക് മാത്രമെ മനസ്സിലാവുന്നുള്ളു. ഇതിന്റെ ഒരു വശം പ്രകാശവും മറുപുറം ഇരുളുമായിരിക്കുന്നു. മാറി മാറിവരുന്ന ഈ സ്ഥിതിയിലാണ് എല്ലാവസ്തുക്കളും നിലനിൽക്കുന്നത്. ഭൂമി അമ്മയേപ്പോലെ എല്ലാറ്റിനേയും രക്ഷിക്കുന്നു.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

## ? = സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**സാം**ഖ്യദർശനത്തിൽ കപിലമഹർഷി ജഡപ്രകൃതിയേ 24 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**സൂത്രാർത്ഥം:** സത്വരജസ്തമസാം = സത്വ - രജ - തമോഗുണങ്ങളുടെ സാമ്യാവസ്ഥാ = സമാനമായ അവസ്ഥ പ്രകൃതി = പ്രകൃതിയാകുന്നു. പ്രകൃതേഃ = പ്രകൃതിയിൽനിന്ന് മഹാൻ = മഹതത്വം മഹതഃ അഹങ്കാര = മഹതത്ത്വത്തിൽനിന്ന് അഹങ്കാരം, അഹങ്കാരാത് = അഹങ്കാരത്തിൽനിന്ന് പഞ്ചതന്മാത്രാണി ഉഭയമിന്ദ്രിയം = പഞ്ചതന്മാത്രകളും രണ്ടുതരത്തിലുള്ള ഇന്ദ്രിയങ്ങളും തന്മാത്രേഭ്യഃ സ്ഥൂലഭൂതാനി = തന്മാത്രകളിൽ നിന്ന് സ്ഥൂലഭൂത - സമുദായങ്ങളും പുരുഷഃ = പുരുഷൻ എന്നീ ഇതി പഞ്ചവിംശതിഃ ഗണഃ = ഇങ്ങനെ ഇരുപത്തഞ്ചുഗണങ്ങളുണ്ട്.

**വ്യാഖ്യാനം:** മൂന്നു മൂലതത്ത്വങ്ങളായ സത്വ - രജ - തമോഗുണങ്ങളുടെ സമാനമായ അവസ്ഥയാണ് പ്രകൃതി. ചേതനയുടെ പ്രേരണയാൽ ഈ മൂന്നു തത്ത്വങ്ങളുടെ സാമ്യാവസ്ഥക്ക് ഭംഗം വരുന്നു. അതായത് അവ അവയുടെ സമാനാവസ്ഥ ഉപേക്ഷിച്ച് വിഷയ അവസ്ഥയോടടുക്കുന്നു. ഇതിന്റെ ആദ്യഫലം മഹതത്ത്വം അഥവാ ബുദ്ധിയാണ്. മഹത്തിൽനിന്ന് അഹങ്കാരവും അഹങ്കാരത്തിൽ നിന്ന് പഞ്ചതന്മാത്രകളും അകത്തും പുറത്തുമുള്ള ഇന്ദ്രിയങ്ങളും പ്രകടമാവുന്നു. അഹങ്കാരവും രണ്ടുതരത്തിലുണ്ട്. താമസികം, സാത്വികം എന്നിങ്ങനെ. താമസികത്തിൽ നിന്ന് തന്മാത്രകളും സാത്വികാഹങ്കാരത്തിൽ നിന്ന് രണ്ടുപ്രകാരത്തിലുള്ള ഇന്ദ്രിയങ്ങളും ഉണ്ടാവുന്നു. ഇവയിൽ അകത്തുള്ള ഇന്ദ്രിയം മനസ്സും പുറത്തുള്ളത് 10 എണ്ണം- 5 ജ്ഞാനേന്ദ്രിയങ്ങളും (ചെവി, ത്വക്ക്, നേത്രം, നാക്ക്, മൂക്ക്) 5 കർമ്മേന്ദ്രിയങ്ങളും (വാണി, കൈകൾ, കാലുകൾ, ഗുപ്തേന്ദ്രിയങ്ങൾ). ഈ ഇന്ദ്രിയങ്ങളെല്ലാം വികാരമുണ്ടാക്കുന്നതാണ്. പഞ്ചതന്മാത്രകളിൽ (ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം) നിന്ന് പഞ്ചമഹാഭൂത (ആകാശം, വായു, അഗ്നി, ജലം, പൃഥിവി)ങ്ങളുടെ നിർമ്മാണവും നടക്കുന്നു.

ഈ 23 തത്ത്വങ്ങളേയാണ് 24–ാം മത്തെ മൂലപ്രകൃതിയുടെ വികാരങ്ങൾ എന്നു പറയുന്നത്. സൃഷ്ടി എന്നും പറയും. 25–ാ മത്തേത് ചേതനയായ പുരുഷനാണ്. പുരുഷനിലും പരമാത്മാവ് - ജീവാത്മാവ് എന്നീ

☞

**Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 31-2)**
There is no measure, no image of that GOD whose name is Great

ഭേദമുണ്ട്. പരമാത്മാവ് ഏകനും ജീവാത്മാവ് അനേകവുമാണ്.

ഓരോ പരമാണുവിലും ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നീ മൂന്ന് അടിസ്ഥാനവസ്തുക്കളുണ്ട്. ഒന്നിലധികം പരമാണുക്കൾ ചേർന്ന് 'അണു' ഉണ്ടാകുന്നു. ഇപ്രകാരമുള്ള അനേകം അണുക്കൾ ചേർന്ന്, മഹാഭൂതമുണ്ടാകുന്നു. പൃഥ്വി, ജലം, അഗ്നി, വായു, ആകാശം എന്നിവയുടെ ഉൽപത്തി ഉണ്ടാവുന്നു. ഇവയിൽനിന്നാണ് ഭൗതിക ജഗത്ത് രൂപം കൊള്ളുന്നത് (വൈശേഷികദർശനം). കേവലം ഈശ്വരൻ മാത്രം സർവ്വവ്യാപകനായതിനാൽ അചഞ്ചലമായ മറ്റെല്ലാവസ്തുക്കളും– സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങി ഭ്രമണം നടത്തുന്നു. ഇവയുടെ (ആകാശവസ്തുക്കളുടെ) ആകർഷണശക്തി (സോമം) മൂലം ആകാശത്തിൽ സ്ഥിരമായി നിൽക്കുന്നു. സൃഷ്ടി ഉൽപത്തിയുമായി ബന്ധപ്പെട്ട അനേകം മന്ത്രങ്ങൾ വേദങ്ങളിൽ പറയുന്നുണ്ട്. അവ വിജ്ഞാനത്തിന്റെ വിഷയങ്ങളാണ്. ദിശ സർവ്വവ്യാപകമാണ്. അതിനാലിത് ചലിക്കുന്നില്ല (വൈശേഷിക ദർശനം). ദിശയും കാലവും പരമാണുവല്ല (വൈശേഷികദർശനം). ജിജ്ഞാസുക്കളായ വായനക്കാർക്ക് വേദങ്ങളിലെ താഴെ പറയുന്ന മന്ത്രങ്ങൾ പഠനം ചെയ്യാവുന്നതാണ്.

(ഋഗ്വേദം 10.149.3, 10.121.1, 10.88.6, 1.131.2)

***(തുടരും)***

*(Continued from previous issue)*

# ARYA SAMAJ CALLING YOU

***- By Baleswar Muni***



Arya Samaj is not a folk of sheep, not thinking being. Arya Samajist do not blindly follow teaching of gurus whose beliefs, teaching and principles are against Vedas. The so called guru behaves like shepherds rather than teachers. The real teacher will open the eyes of his disciples instead of closing them. He will care little for their in him. He will rather care for their faith in truth.

**Dayanand's Expectations**

Swamiji had great expectation from Arya Samaj as is evident from his innumerable utterances, two of which are given below:-

1. The real and unhampered good of the people of India and those of other countries will be secured by Arya Samaj only.

2. If you care to make advancement, associate with Arya Samaj and mould your conduct in accordance with its aims and objects otherwise you will remain empty handed; no society can be at par with Arya Samaj in leading the Arya Varta to the path of progress.

**SWAMANAVYA MANTAVYA**

Swamanavya Mantavya is a statement of Swami Dayanand Saraswati's Beliefs and Disbeliefs, which he appended to the Satyarth Parkash. The following is the English translation of it:-

"Dharam" religion, which is based on cosmopolitan and universal doctrones, and which from time immemorial has been believed in and is at present and will (in future) continue to be accepted by all men, and to which no reasonable opposition is possible is, in consequence, called the Eternal Religion

The Mahabharta - Dharma is the friend that follows one even after death. All else pershes with the body.

TRUTH - Truely there is no virtue higher than Truth; no sin greater than fat falsehood. Verily there is no knoweldge higher than Truth let a man, therefore, follow truth.

"CREATION"- is that which results from the combination of different substances in various forms in an intelligent manner and according to design.

STUTI - (adoration) is reciting Divine attributes or hearing them recited, and meditating on them. It results in love for God and Similar Pious feelings.

PRARTHANA - (Prayer) is requesting God to grant knowledge and similar (other boons) which can come only from communion with Him and what is beyond one's own power and capacity after one has exerted his utmost. Its result is humility and similar things.

UPASANA - (Communication) consists in purifying our attributes, works and nature to become similar to those of God, and in feeling that God pervades us also, and that we are the pervades. Also in realising through the practice of Yoga that we are near to God and he is near to us. This results in the advancement of our knowledge.

GURU - By the term Guru is meant father, mother and any one who imparts truth and makes one reject falsehood.

SVARGA - (Heaven) is the enjoyment of special happiness and the possession of the means thereof.

NARKA - (Hell) is undergoing great suffering and the means thereof.

BIRTH - Is the name given to the union of the soul with the body, and Death is only their separations.

TIRTH - is that by means of which the ocean of misery is crossed: In other words, I hold that *tirthas* are good works such as speaking the truth, acquisition of knowledge, society of the wise and the good, practice of the yamas and (other stages) of Yoga, life of activity, spreading knowledge and similar other good works. No places or water of rivers are tirthas.

ACTIVITY - is superior to Destiny; since the former is the maker of the latter, and also because if the activity is

☞

**Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 330.3)**

Let not a brother hate his brother and let not a sister hate her sister

well directed, all is well but it is wrongly directed, all goes wrong.

SANSKAR - (rituals) is that which contributes to the physical, mental, and spiritual improvement of man. From Conception to Cremation there are sixteen Sanskars. I hold their performance as obiligatory. Nothing should be done for the dead, after their remains have been cremated.

ARYAVARTA - This country is called Aryavarta, because it has been the abode of the Aryas from the dawn of Creation. it is however bounded on the north by the Himalayas, on the south by the Vindhyachala mountains, on the west by the river Attock and on the east by the river Brahmputra. The land within these limits is termed Aryavarta, and those who have been living in it form times immemorial are called Aryas.

SALVATION - The means to attain salvation are, contemplation of God i.e., the practice of Yoga, the performance of virtuous deeds, the acquisition of knowledge, practicing Brahmcharya, associating with wise and pious men, true knowledge, purity of thought, a life of (benevolent) activity and the like.

I hold that Devas are those men who are wise and learned; asuras are those who are ignorant; rakhshas are those who are sinful; pishachas are those who are wicked in their acts.

DEVAPUJA - Consists in showing honour to the wise and the learned, to one's father, mother and perceptor, to preachers of truth, to a just ruler, to righteous persons, to women who are devoted to their husbands, to men who are devoted to their wives. The opposite of this is called Adevapujs. I hold that worship is due to these living persons and not to the inert images of stone etc.

SHIKSHA - Or education is that which promotes knowledge, culture, righteousness, self-control and the like virtues, and eradicates ignorance and the like evils.

MARRIAGE - Marriage is the acceptance of hand, through mutual consent, (of a person of the opposite sex) in a public manner and in accordance with laws of rules.

I have thus briefly explained my beliefs here; their detailed exposition is to be found in this very book, Satyarth Prakash, in their proper places, and is also given in other works such as Rig Vedadi Bhashya Bhumika (An Introduction to the Exposition of the Vedas)

**TRIBUTES TO SWAMI DAYANAND SARASWATI**

1. Dr. Annie. Basant.

"Swamy Dayanand Saraswati was first to proclaim India for Indians."

2. Netaji Subash Chander Bose

"Swami Dayanand is certainly one of the most powerful personalities who shaped modern India and are responsible for its moral regeneration and religions revival. The most prominent Arya Samajist is at the same time most influential nationalist leaders."

✹

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**



"**അഃ** ദണ്ടോഃ ഓമനയല്ലേയിത്!" ലക്ഷ്മി അമ്മ ആശ്ചര്യത്തോടെ വായും പൊളിച്ച് അന്തംവിട്ട് നിന്നു.

"ഏ്! ഇതെന്താത്? നീയാരോട് പറഞ്ഞിട്ടാ പോന്നത്? എന്റീശ്വരാ, ഗുരുവായൂരപ്പാ! ന്യെന്താപ്പോ ചെയ്യാ! എന്തൊക്കെനിണ്ടാവാന്നറിഞ്ഞുകൂടാ. അവിടെ തെരച്ചിലായിട്ടുണ്ടാവൂലോ" – അമ്മ ആശ്ചര്യവും പരിഭ്രാന്തിയും പൂണ്ട് തലതാങ്ങി അവിടെ ഇരുന്നുപോയി.

"സാരല്യ കുട്ട്യോളാവുമ്പോ അങ്ങനൊക്കെയുണ്ടാവും. പേടിക്കേണ്ട" – ലക്ഷ്മിയമ്മ എന്നെ ചേർത്തുപിടിച്ച് സസ്നേഹം സമാശ്വസിപ്പിച്ചു.

"നിനക്കറീല്യേലക്ഷ്മി? അവിടെ ചെന്നാന്താണ്ടാവാന്ന് ? നീയിശ്ശി കണ്ടതല്ലെ? ഇനിപ്പോ എന്താകാട്ട്വാ" അമ്മ നിസ്സഹായതാഭാവത്തോടെ ആവലാതിപ്പെട്ടു.

ഇതൊക്കെ കേട്ട് ചെവിയിൽ അകോപഞ്ചർ നടത്തുന്നതുപോലെ-കേട്ട് എന്റെ ഉള്ളിൽ ആദ്യം സ്വന്തം പരിപാടിയുടെ വിജയത്തിൽ ചിരിയാണ് വന്നതെങ്കിലും ഭയാശങ്കകൾ അലതല്ലിയിരുന്നു. ഞാൻ ഒന്നും മിണ്ടാതെ എല്ലാം അമർത്തിപിടിച്ച് ശീട്ടുകളിയിൽ തോറ്റ് പണമെല്ലാം മുടിച്ച് പാപ്പരായവനെപ്പോലെ തലകുനിച്ചുനിന്നു. അപ്പോഴതെല്ലാം കണ്ട് എന്നെ ശപിക്കുകയാണെന്നു തോന്നുംവിധം ഓപ്പോൾ ചുണ്ടുകോട്ടി കൊഞ്ഞണം കാട്ടുകയായിരുന്നു.

"അസത്ത്, എത്ര പറഞ്ഞാലും മനസ്സിലാവാത്തൊരുപോത്ത്. ഇതിങ്ങനെയായി തീർന്നൂലോ. തലേലെഴുത്ത്. കഷ്ടം ഇനി തല്ലുമേടിച്ചോ, നാണല്യാണ്ടേ. അപ്പോളറിയാം പറഞ്ഞാൽ കേക്കണ്ടേ? ഇനിപ്പോ എന്തുകാട്ടും? ഇതിനേംകൊണ്ട് വലമ്പൂർക്ക് പോയാൽ! എനിക്കൊന്നും വേണ്ടീര്ല്യ. മണ്ടേലവര മാന്തിയാൽ പൂവ്വോ? അനുഭവിക്കന്നെ. ഉം. ലക്ഷ്മി! നടന്നോ പിന്നാക്കം തന്നെ. ദുഃഖവും മാതൃസഹജമായ സ്നേഹവും അന്നത്തെ പുരുഷമേധാവിത്വപരമായ സാമൂഹ്യവ്യവസ്ഥയുടെ പരാധീനയും ആവലാതിയും കലർന്ന സമ്മിശ്ര സ്വരത്തിൽ സ്വന്തം നിസ്സഹായത പ്രകടമാക്കി അമ്മ തറവാട്ടിലേക്ക് തന്നെ മടങ്ങി.

"അവിടെ ചെല്ലട്ടെ, അപ്പോ കാണാം. നോക്കിക്കോ. വടികൊണ്ടൊരു പൊടിപൂരം". എന്നൊരു താക്കീതും വഴിക്കുതരാൻ അമ്മ മറന്നില്ല.

ചൂതുകളിയിൽ തോറ്റു പാപ്പരായവനെപ്പോലെ ഞാൻ ചിന്താഗ്രസ്തനായി അടിവെച്ചടിവെച്ച് നടന്നു. പിറകോട്ട്.

***(തുടരും)***

☞

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*

## മൂന്നാം പ്രഭാഷണം (ധർമ്മാധർമ്മം)




അഭ്യസ്ഥ വിദ്യരായ സ്ത്രീകൾ കുടുംബകാര്യങ്ങൾ നോക്കിനടത്താൻ വളരെ സാമർത്ഥ്യമുള്ളവരായിരിക്കും. വിദ്യാസമ്പന്നനായ ഒരു പുരുഷൻ അക്ഷരാഭ്യാസമില്ലാത്ത ഒരു സ്ത്രീയേ വിവാഹം കഴിച്ചാൽ എന്തായിരിക്കും സ്ഥിതി? സ്ത്രീകൾ മാത്രം പഠിച്ചാൽ മതി എന്നിതിനർത്ഥമില്ല. എല്ലാവർക്കും വേദം പഠിക്കാൻ അധികാരമുണ്ട്. നോക്കുക.

*യഥേമാംവാചം കല്യാണീമാവദാനി ജനേഭ്യഃ |*
*ബ്രഹ്മരാജന്യാഭ്യാം ശൂദ്രായ ചാര്യായ ച സ്വായ ചാരണായ||*
*(യജുർവ്വേദം 26.2)*

*ശൂദ്രോ ബ്രാഹ്മണതാമേതി ബ്രാഹ്മണശ്ചൈതി ശൂദ്രതാമ് |*
*ക്ഷത്രിയാജ്ജാതമേവം തു വിദ്യാദ് വൈശ്യാത് തഥൈവ ച||*
*(മനുസ്മൃതി 10.65)*

ശൂദ്രൻ ബ്രാഹ്മണനായിതീരാം. ബ്രാഹ്മണൻ ശൂദ്രനുമാകാം എന്ന ഈ മനുവാക്യത്തേകുറിച്ചും ചിന്തിക്കുക.

അധ്യയനം ചെയ്യുക അഥവാ ബ്രഹ്മചര്യം പാലിക്കുക എന്നത് ഒരു വലിയ ധർമ്മമാണ്. ബ്രഹ്മചര്യത്താൽ ശരീരബലവും ബുദ്ധിബലവും ഉണ്ടാകുന്നു. ബാല്യവിവാഹം ഇന്ന് വളരെ പ്രചാരത്തിലുണ്ട്. "ശീഘ്രബോധ്" എന്ന ഒരു ജ്യോതിഷ ഗ്രന്ഥം കാശിനാഥൻ എന്നൊരാൾ എഴുതിയിട്ടുണ്ട്. അതിൽ പറയുന്നു

*അഷ്ടവർഷാ ഭവേദ് ഗൗരീ നവവർഷാ തു രോഹിണി |*
*ദശവർഷാ ഭവേത് കന്യാ തത ഊർധ്വം രജസ്വലാ ||*
*മാതാ ചൈവ പിതാ തസ്യാ ജ്യേഷ്ഠോ ഭ്രാതാ തഥൈവ ച |*
*ത്രയസ്തേ നരകം യാന്തി ദൃഷ്ട്വാ കന്യാം രജസ്വലാമ് ||*

പെൺകുട്ടികൾ പെട്ടെന്ന് ഗൗരിയായിതീരുന്നു, രോഹിണിയായിതീരുന്നു എന്നീ അസംബന്ധങ്ങളാണിതിൽ പറയുന്നത്. ഈ ഗ്രന്ഥം പടച്ചുവിട്ടിട്ട് 80 വർഷം കൂടിയായിട്ടുണ്ടാവില്ല.സ്വയംവര വിഷയത്തേക്കുറിച്ച് മനു പറയുന്നു.

*ത്രീണിവർഷാണ്യുദീക്ഷേത ഗൃഹേ കന്യർതു മർത്യപി |*
*ഊർധ്വം തു കാലാദേതസ്മാദ് വിന്ദേത സദൃശം പതീമ് ||*

(മനുസ്മൃതി 9.90. കൂർമ്മായൃതുമതി സതി എന്നാണ് രണ്ടാം ചരണത്തിന്റെ പാഠം)

കന്യകമാരായി മരണം വരെ കഴിയേണ്ടി വന്നാലും സ്ത്രീകൾ ചീത്തപുരുഷന്മാരെ വിവാഹം കഴിക്കരുത് എന്ന്. അതേ പോലെ

*കാമമാരണത്തിഷ്ഠേദ് ഗൃഹേ കന്യർതുമർത്യപി |*
*ന ചൈവൈനാം പ്രയച്ഛേത് തു ഗുണഹീനായ കർഹിചിത് ||*
*(മനുസ്മൃതി 9 - 89)*

സുശ്രുതൻ, ചരകൻ തുടങ്ങിയ പുരാതന വൈദ്യൻമാരുടെ ഗ്രന്ഥങ്ങളിൽ ആയുസ്സിനെ 4 ഭാഗങ്ങളാക്കിയിരിക്കുന്നു

1. വൃദ്ധി = വികാസം, 2. യൗവനം = യുവത്വം,
3. സമ്പൂർണ്ണത = പൂർണ്ണത, 4. ഹാനി = തകർച്ച

*(തുടരും)*

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## അമാവാസ്യായജ്ഞവും ലഹരി വിരുദ്ധ പ്രചാരണവും

വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 5 ന് കാലത്ത് വെള്ളിനേഴിയിൽ വെച്ച് അമാവാസ്യായജ്ഞം (ദർശേഷ്ടി) നടന്നു. ആര്യസമാജം, ടംകാര (ഗുജറാത്ത്) യിൽ നിന്നു വന്ന ശ്രീ. മനീഷ് ജിയുടെ നേതൃത്വത്തിൽ നടന്ന യജ്ഞത്തിൽ അമ്മമാരും കുട്ടികളും യുവാക്കളുമടക്കം നിരവധിപേർ പങ്കെടുത്തു. സമൂഹത്തിലെ ലഹരി പദാർത്ഥങ്ങളുടെ വർദ്ധിച്ചു വരുന്ന ഉപഭോഗംമൂലമുണ്ടാകുന്ന ഭീഷണിയേകുറിച്ച് ബോധവാന്മാരാകാൻ ശ്രീ. മനീഷ് ജി ആഹ്വാനം ചെയ്തു. വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന സാമൂഹ്യ-നവോത്ഥാന പ്രവർത്തനങ്ങൾക്ക് ഗുജറാത്ത് ആര്യപ്രതിനിധിസഭയിൽ നിന്ന് എല്ലാ സഹായസഹകരണങ്ങളുമുണ്ടാകുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. ആര്യസമാജത്തിന്റെ യുവജന വിഭാഗമായ ആര്യവീർദളിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും തിരഞ്ഞെടുത്തവർക്കുവേണ്ടിയുള്ള അഖില ഭാരതാടിസ്ഥാനത്തിലുള്ള ഒരു പരിശീലന ശിബിരം വെള്ളിനേഴിയിൽ വെച്ച് നടത്തുവാൻ ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. വെള്ളിനേഴി ആര്യസമാജം പ്രധാൻ ശ്രീ. വി. ഗോവിന്ദദാസ്, കാര്യദർശി ശ്രീ. കെ.എം. രാജൻ, കോശാധ്യക്ഷൻ ശ്രീ. എസ്. ശ്രീധരശർമ്മ എന്നിവരും സംസാരിച്ചു. വെള്ളിനേഴി ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിലുള്ള സമൂഹയജ്ഞങ്ങൾ നടത്താൻ പദ്ധതിയും തയ്യാറാക്കി.

## അക്ഷരാരംഭ സംസ്കാരം



**വിജയദശമി ദിനത്തിൽ വെള്ളിനേഴിയിൽ നടന്ന അക്ഷരാരംഭ സംസ്കാരം**

**വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാകുക!**
**ദയാനന്ദ സന്ദേശം**
വൈദിക - ദാർശനിക മാസിക
വാർഷിക വരിസംഖ്യ 60 രൂപ, ദീർഘകാലം 1000 രൂപ

**വിലാസം : കാര്യദർശി, ആര്യസമാജം, വെള്ളിനേഴി, പാലക്കാട് – 679 504**

☞

**Om Krinvantho Vishwamaaryam (Rigveda 9.63.5)**
Make this world Enlightened.

## ഉടൻ പ്രസിദ്ധീകരിക്കുന്ന വൈദിക സാഹിത്യം

### സത്യാർത്ഥപ്രകാശം മലയാളത്തിൽ

മഹർഷി ദയാനന്ദസരസ്വതിയുടെ അമരഗ്രന്ഥമായ സത്യാർത്ഥപ്രകാശത്തിന്റെ മലയാളം പരിഭാഷ മലയാളത്തിൽ ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ ആ മഹത് ഗ്രന്ഥം വീണ്ടും പുനഃപ്രസിദ്ധീകരിച്ച് ഏറ്റവും ചുരുങ്ങിയ വിലക്ക് എല്ലാ വീടുകളിലും എത്തിക്കാനുള്ള ഒരു ബൃഹത്കർമ്മപദ്ധതി ആര്യസമാജം വെള്ളിനേഴിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്നു. 1933 ൽ പഞ്ചാബ് ആര്യപ്രതിനിധിസഭ പ്രസിദ്ധീകരിച്ച പണ്ഡിറ്റ് ലക്ഷ്മണൻജി വിവർത്തനം ചെയ്ത മലയാളത്തിലെ ആദ്യത്തെ സത്യാർത്ഥപ്രകാശം അതിൽ വിട്ടു പോയിരുന്ന സ്വമന്തവ്യാമന്തവ്യ പ്രകാശമെന്ന ഭാഗം കൂടി കൂട്ടിച്ചേർത്ത് സാർവ്വദേശിക് ആര്യപ്രതിനിധി സഭയുടേയും പരോപകാരിണി സഭയുടെയും ആശിർവ്വാദത്തോടുകൂടി ഉടൻ പ്രസിദ്ധീകരിക്കുന്നു. ദേശീയനവോത്ഥാനരംഗത്ത് വിപ്ലവം സൃഷ്ടിച്ച ഈ ഗ്രന്ഥത്തിന്റെ കോപ്പികൾ ആവശ്യമുള്ളവർ കാർഡയച്ച് ഉടൻ ബുക്ക് ചെയ്യുക. പണം ഇപ്പോൾ അയക്കേണ്ടതില്ല. ആദ്യം ബുക്ക് ചെയ്യുന്ന ആയിരം പേർക്ക് പ്രത്യേക കിഴിവ് നൽകുന്നതാണ്.

## സന്ധ്യ അഗ്നിഹോത്രം

വേദാദി ശാസ്ത്രങ്ങളിലൂടെ ഈശ്വരൻ നിർദ്ദേശിച്ചതും സർവ്വമാനവരും നിത്യവും അനുഷ്ഠിക്കേണ്ടതുമായ പഞ്ചമഹായജ്ഞങ്ങളുടെ ഭാഗമായ ബ്രഹ്മോപാസന അഥവാ സന്ധ്യാവന്ദനം, അഗ്നിഹോത്രം (ദേവയജ്ഞം) എന്നിവയും പൗർണ്ണമിക്കും അമാവാസിക്കും ചെയ്യേണ്ടുന്ന ദർശേഷ്ടി, ജന്മദിനാഘോഷം,വിവാഹ വാർഷികം, അക്ഷരാരംഭം എന്നീ വിശേഷാവസരങ്ങളിൽ അനുഷ്ഠിക്കേണ്ട ക്രിയകൾ, വൈദിക രാഷ്ട്രഗാനം, ഐകമത്യസൂക്തം, ഭോജനമന്ത്രം, മൃത്യുഞ്ജയ മന്ത്രം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം എല്ലാ ഗ്രഹങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്. മഹർഷി ദയാനന്ദ സരസ്വതി ചിട്ടപ്പെടുത്തിയ വൈദിക വിധികളുടെ മലയാള പരിഭാഷയായ ഈ മഹത്ഗ്രന്ഥം ആവശ്യമുള്ളവർ ഉടൻ കാർഡയച്ചു ബുക്ക് ചെയ്യുക.

**ആര്യസമാജം വെള്ളിനേഴി**

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | ബ്രഹ്മയജ്ഞം അഥവാ സന്ധ്യോപാസന | – | ₹ 10 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95 |
| (3) | അഗ്നിഹോത്ര വിധി (സ്റ്റോക്ക് പരിമിതം) | – | ₹ 20 |
| (4) | ആര്യോദയം | – | ₹ 10 |
| (5) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10 |
| (6) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10 |
| (7) | വൈദിക നിത്യകർമ്മ വിധി | – | ₹ 20 |
| (8) | Vedas in Story form and Chaturvarnyam | – | ₹ 35 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

**വൈദിക സാഹിത്യങ്ങൾ വാങ്ങുന്നതിനും അഗ്നിഹോത്രം, ഷോഡശ സംസ്കാരങ്ങൾ എന്നിവ വൈദിക വിധിയനുസരിച്ച് നടത്തുവാനും താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് സ്വന്തം വിലാസം എഴുതിയ സ്റ്റാമ്പു പതിച്ച കവർ സഹിതം താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.**

**കാര്യദർശി, ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി പി.ഒ., പാലക്കാട് 679504**

### സത്യാർത്ഥ പ്രകാശം – ഹിന്ദുത്വത്തിന്റെ രക്ഷാകവചം

മഹർഷി ദയാനന്ദൻ സ്വാതന്ത്ര്യസമരത്തിലെ യോദ്ധാവും ഹിന്ദുജാതിയുടെ രക്ഷകനുമായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ ആര്യസമാജികരുടെ സംഭാവന വളരെ ഉന്നതമാണ്. മഹർഷിയാൽ രചിക്കപ്പെട്ട അമര ഗ്രന്ഥം 'സത്യാർത്ഥപ്രകാശം' ഹിന്ദു ജനതയുടെ - വിപ്ലവകാരികളുടെ - സിരകളിൽ ഉഷ്ണരക്തം പോലെ വ്യാപരിച്ചു. സത്യാർത്ഥപ്രകാശത്തിനു മുന്നിൽ ഒരു വിധർമ്മിക്കും പിടിച്ചുനിൽക്കാനാവില്ല.

**വീർ സാവർക്കർ**

***Be a part of Veda Prachar by distributing Vedic Literatures and donate liberally for that***

**Arya Samajam**
**Bank Account No: 4264000100071490**
IFSC Code : PUNB 0426400
**Punjab National Bank- Cherpalcheri Branch**

To

...........................................................................

...........................................................................

...........................................................................

...........................................................................

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi, Palakkad - 679504. Printed at Ambal Quick Print Shop, Palakkad. Chief Editor: Sri. K. Velayudha Arya. Owner & Editor responsible for selecting articles: K.M. Rajan. Editorial Board: T.R. Balachandran Nair, Acharya Sreedhara Shasthry, V. Govinda Das. Advisory Board: Suraj Prakash Kumar *(Fakire Dayanand)*, Brigadier (Retd) Chitranjan Sawant, Dr. Vivek Arya, Vanaprasthi Raju Poonjar,G.Sasikumar. Vyvasthapakan: P. Sivasankaran. For private circulation among members only.
E-mail: dayanandasandesam@gmail.com Visit us : www.thearyasmaj.org/vellinezhi Ph: 09562529095

***ആര്യൻ നമ്മുടെ പേരാണ്! വേദം നമ്മുടെ മതമാണ്! യജ്ഞം നമ്മുടെ കർമ്മമാണ്! സത്യം നമ്മുടെ വ്രതമാണ്! സേവനമല്ലോ നമ്മുടെ ലക്ഷ്യം!***